

FRIDAY 14/11/2025 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/11/2025

1. മാറുന്ന കാലാവസ്ഥാ സാഹചര്യത്തിൽ സുസ്ഥിര കൃഷിക്ക് ഭീഷണിയാകുന്ന കളകളെ കൈകാര്യം ചെയ്യുന്നതിനുള്ള നവീന തന്ത്രങ്ങൾ ചർച്ച ചെയ്യാൻ രാജ്യാന്തര സെമിനാർ സംഘടിപ്പിക്കുന്നു. വെള്ളായണി കാർഷിക കോളജ്, അഗ്രോണമി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഈ മാസം 27, 28 തീയതികളിലാണ് സെമിനാർ നടത്തും. കാലാവസ്ഥ മാറ്റം കളകളുടെ വളർച്ചയിലും വ്യാപനത്തിലും വരുത്തുന്ന മാറ്റങ്ങൾ സെമിനാറിൽ പ്രധാന ചർച്ചാവിഷയമാകും. ഓസ്ട്രേലിയയിലെ ക്വീൻസ് ലാൻഡ് യൂണിവേഴ്സിറ്റിയിലെ ഡോ. ബി.എസ്. ചൗഹാൻ മുഖ്യപ്രഭാഷണം നടത്തും. ഐ.സി.എ.ആർ. – ഐ.എ.ആർ.ഐ., ഐ.സി.എ.ആർ. –സി.ടി.സി.ആർ.ഐ., ടി.എൻ.എ.യു. ഉൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ പങ്കെടുക്കും. സെമിനാർ സെഷനുകളിൽ പങ്കെടുക്കുന്നവർക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾ www.cwis2025.com. എന്ന വെബ് സൈറ്റിൽനിന്നു ലഭിക്കും.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. വനാമി ചെമ്മീൻ കൃഷി പദ്ധതിക്കായി കോഴിക്കോട്, കാസർകോഡ്, കണ്ണൂർ, മലപ്പുറം ജില്ലകളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷാ തീയതി ദീർഘിപ്പിച്ചു. അപേക്ഷാ ഫോമിന്റെ മാതൃക, ധനസഹായം സംബന്ധിച്ച വിവരങ്ങൾ എന്നിവ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (അഡാക്) ഓഫീസുകളിൽ ലഭ്യമാണ്. അപേക്ഷകൾ രേഖകൾ സഹിതം റീജ്യണൽ ഓഫീസ്, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള, നോർത്ത് സോൺ, എരഞ്ഞോളി പോസ്റ്റ്, തലശ്ശേരി, കണ്ണൂർ-670 107 എന്ന വിലാസത്തില് നവംബർ 15ന് വൈകീട്ട് നാലിനകം ലഭിക്കണം. ഫോൺ: 0490-2354073.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "നഴ്സറി പരിപാലനവും സസ്യപ്രവർദ്ധന (ബഡിംഗ് & ഗ്രാഫ്റ്റിംഗ്) രീതികളും" എന്ന വിഷയത്തിൽ 2025 നവംബർ 17ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ (UPIid

kvkthrissur.527@sbi). താൽപര്യമുള്ളവര് 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതല് വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **ശുദ്ധജല മത്സ്യകൃഷി (വരാൽ, തിലോപ്പിയ),** എന്ന വിഷയത്തിൽ 18.11.2025 തീയതിയിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 8547070773 എന്ന ഫോൺ നമ്പറിൽ 17.11.2025 തീയതിയ്ക്കു മുമ്പായി ബന്ധപ്പെടുക. പരിശീലനഫീസ് ₹550/- രൂപ.

5. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 18 മുതൽ വിഷയത്തിൽ 22 വരെ തീയതികളിൽ **"ശാസ്ത്രീയ പശു പരിപാലനം"** എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 2025 നവംബർ 18 ന് രാവിലെ 10 മണിക്ക് കോട്ടയം (Manorama Junction ന് സമീപം) ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീ 20/- രൂപ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം, ദിനബത്ത,അർഹമായ യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. ഫോൺ : 0481-2302223, മൊബൈൽ: 9447506934

6. മിത്രനികേതൻ KVK യിൽ വെച്ച് 2025 നവംബർ മാസം 19, 20 തീയതികളിൽ ചെടികളിലെ ബഡ്ഡിങ്, ഗ്രാഫ്റ്റിംഗ്, ലേയറിങ്, പ്രോട്രേയിലെ പച്ചക്കറി തൈകളുടെ ഉത്പാദനം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലനത്തിന് പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9447856216 എന്ന നമ്പരിൽ തങ്ങളുടെ പേരും ഫോൺ നമ്പരും whatsapp ചെയ്തു അറിയിക്കേണ്ടതാണ്. പരിശീലനത്തിന് 700 രൂപ രജിസ്ട്രേഷൻ ഫീസ് ആണ് ഉള്ളത്. നവംബർ മാസം 15 ന് മുൻപായി രജിസ്ട്രേഷന് തന്നിരിക്കുന്ന ഫോൺ നമ്പരിൽ ഗൂഗിൾ പേ ചെയ്തതിനുശേഷം സ്ക്രീൻഷോട്ട് വാട്സ്ആപ്പ് ചെയ്ത് നൽകേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് ആയിരിക്കും പരിശീലനത്തിൽ പ്രവേശനം നൽകുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. തിരുവനന്തപുരം: ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 നവംബർ 17 മുതൽ 27 വരെ **"ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലനം"** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135/– രൂപ. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 15–ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടംപാലസ്, പട്ടം.പി.ഒ., തിരുവനന്തപുരം 695004. ഇമെയിൽ principaldtctvm@gmail.com

**കാർഷിക നിർദേശം**

8. തെങ്ങുകളിൽ ഓല ചീയൽ രോഗം വഴി കൂമ്പോല വിരിയുമ്പോൾ അഴുകിയ ഭാഗം ഉണങ്ങി കാറ്റത്ത് പറന്നുപോകുകയും ബാക്കിയുള്ള ഓലയുടെ ഭാഗം കുറ്റിയായി നിൽക്കുകയും ചെയ്യുന്നു. ഈ രോഗത്തിന്റെ നിയന്ത്രണത്തിനായി കൂമ്പോലയുടേയും അതിനോട് ചേർന്നുള്ള രണ്ട്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഓലകളുടേയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചു മാറ്റി , കോൺടാഫ് 2 മി.ലി. അല്ലെങ്കിൽ ഡൈത്തേൻ എം.45 അഥവാ ഇൻഡോഫിൽ എം.45 എന്നിവയിലൊന്ന് മൂന്നുഗ്രാം 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക. ഒരു ശതമാനം ബോർഡോമിശ്രിതമോ 2ഗ്രാം 1 ലിറ്റർ വെള്ളത്തിൽ കലർത്തി കോപ്പർ ഓക്സിക്ലോറൈഡ് ലായനിയോ തെങ്ങിൻ മണ്ടയിലും കുമ്പോലകളിലും ജനുവരി, ഏപ്രിൽ – മെയ്, സെപ്റ്റംബർ മാസങ്ങളിൽ തളിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം